പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2466

11/10/2011-ൽ മറുപടി
നല്കേണ്ടത്

## ചെങ്ങറ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ചെങ്ങറ പാക്കേജുമായി ബന്ധപ്പെട്ട് പെരിയയിൽ എത്ര കുടുംബങ്ങളാണുള്ളത് ; പ്രസ്തുത കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ചെങ്ങറ സമരഭൂമിയിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ട 360 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഹോസ്ദുർഗ് താലൂക്കിൽ പെരിയ വില്ലേജിൽ റിസർവ്വെ നം. 341/1, 453/1, 323/3 എന്നിവയിൽപ്പെട്ട 166.42 ഏക്കർ ഭൂമി പട്ടികജാതി വികസന വകുപ്പിന് കൈമാറിക്കൊണ്ട് സ.ഉ.(എം.എസ്) നം. 175/11/റവന്യൂ തീയതി 02/05/2011ന് ഉത്തരവായിട്ടുള്ളതാണ്. ഇവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ കെ.ആർ.നാരായണൻ കോ-ഓപ്പറേറ്റീവ് സെറ്റിൽമെന്റ് സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ടും ഇതിനായി 11.37 കോടി രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും സ.ഉ.(എം.എസ്) നം. 112/10/പജപവവിവ തീയതി 04/11/2010 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ? | (ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ കളക്ടർ ചെയർമാനായ ഒരു മാനേജീരിയൽ കമ്മിറ്റിയും, സബ് കളക്ടർ കൺവീനറായ ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ അഞ്ച് ഉപസമിതികൾ രൂപീകരിച്ച് പദ്ധതി പ്രദേശത്തെ പുനരധിവാസ പ്രവർത്തനങ്ങൾ എത്രയും വേഗം തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ